**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5312** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ 1,31,658 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ട്.** |
| (ബി) | ഇതിനായി പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പല നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും പ്രത്യേക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ 'ഞങ്ങളും കൃഷിയിലേക്ക്' ക്യാമ്പയിന്റെ ഭാഗമായി 'കൃഷിക്കൂട്ടം' എന്ന പേരിൽ കർഷക താൽപ്പര്യ ഗ്രൂപ്പുകൾ (എഫ്ഐജി) രൂപീകരിക്കാൻ ആരംഭിച്ചു. കൂടുതൽ ആളുകളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായാണ് ഈ കൂട്ടായ്മകൾ രൂപീകരിച്ചത്. ഉൽപ്പാദനം, സേവനം, മൂല്യവർദ്ധനം, വിപണനം എന്നീ മേഖലകളെ അടിസ്ഥാനപ്പെടുത്തിയാണ് കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിരിക്കുന്നത്. നിലവിൽ 23569 കൃഷിക്കൂട്ടങ്ങൾ സംസ്ഥാനത്ത് AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.<br><br>ഈ കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനത്തിലൂടെയാണ് സംസ്ഥാനത്ത് കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധ്യമായത്. കൂടാതെ കൃഷി സെന്ററുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC), കൃഷിയിടാധിഷ്ഠിത പ്രവർത്തനം, നവീന കൃഷിരീതികൾ തുടങ്ങിയ മേഖലകൾ വഴിയും തൊഴിലവസരങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിക്കുവാൻ സാധ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ